പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T 888 — 07.02.2013 ൽ മറുപടിയ്ക്ക്

## നദീ സംരക്ഷണം

| ചോദ്യം<br>ശ്രീ. എം. പി. വിൻസെന്റ് | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) നദികളുടെ സംരക്ഷണത്തിനായി നിലവിൽ ഏതൊക്കെ പ്രോജക്ടുകളാണ് ഉള്ളത് ;<br><br>(ബി) ഏതൊക്കെ ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് ; | (എ)&(ബി) നദികളുടെ സംരക്ഷണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ സംസ്ഥാനഫണ്ട് വിനിയോഗിച്ചും നദികളുടെ സംരക്ഷണത്തിനായി വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ഭാരതപ്പുഴ, പെരിയാർ, കരമന-കിള്ളി എന്നീ നദികളുടെ സംരക്ഷണം ലക്ഷ്യമിട്ട് യഥാക്രമം 1222, 807, 499 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഏതൊക്കെ നദീ സംരക്ഷണ പ്രോജക്ടുകളാണ് നടപ്പിലാക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) പമ്പാനദിയുടെ മാലിന്യനിർമ്മാർജ്ജനത്തിനായി കേന്ദ്രസഹായത്തോടെ 'Pamba Action Plan' നടപ്പിലാക്കി വരുന്നു.<br><br>പമ്പാനദിയുടെ മാലിന്യനിർമ്മാർജ്ജനത്തിനായി പമ്പാ കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനായി 2001-ൽ കേന്ദ്രധനസഹായത്തിനായി 319.70 കോടി രൂപയുടെ പദ്ധതി സമർപ്പിക്കുകയുണ്ടായി. എന്നാൽ 18.45 കോടി രൂപയാണ് ആദ്യഘട്ട ധനസഹായമായി ലഭിച്ചത്. ഇതിൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട 1.75 കോടി രൂപയുടെ പദ്ധതികളാണ് ഉണ്ടായിരുന്നത്. അവ പൂർത്തീകരിക്കുകയും ചെയ്തു. ഇപ്പോൾ പമ്പാനദിയുടെ സമഗ്രവികസനത്തിനായി രൂപീകരിച്ചിട്ടുള്ള 'പമ്പാ റിവർ ബേസിൻ അതോറിറ്റി'യാണ് പമ്പാനദിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ